(ഡി) മേൽപ്പറഞ്ഞ കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ബഹു. എം.എൽ.എ.-യുടെ കത്തിൽ പ്രസ്തുത ലൈൻ റൂട്ടിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ഭൂഗർഭ കേബിൽ വലിച്ച് ചെറായി സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതായിരിക്കും അഭികാമ്യമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ചുവെങ്കിലും ലൈൻ നിർമ്മാണത്തെ അപേക്ഷിച്ച് കേബിൾ ഇടുന്നതിന് വളരെ ഭീമമായ തുക ചെലവിടേണ്ടിവരുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്.

പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വിതരണ പരിഷ്കരണ പദ്ധതി (RAPDRP)

60 (4051) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രസഹായത്തോടെ നടപ്പാക്കിവരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജവിതരണ പരിഷ്കരണ പദ്ധതി (R.A.P.D.R.P.)-യുടെ പാർട്ട് ബി-യിൽ ഏതെല്ലാം ടൗണുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ജില്ലാതല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി, പാർട്ട് (ബി), കേരളത്തിലെ 43 ടൗണുകളിൽ പുരോഗമിച്ചുവരുന്നു. ജില്ലാതല വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊച്ചി മെട്രോ റെയിൽ പദ്ധതി

61 (4052) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം എന്ന് പൂർത്തിയാക്കാനാവുമെന്നും ഇതിന്റെ ദൂരം എത്രയാണെന്നും ഏതൊക്കെ സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിച്ചാണെന്നും ആദ്യഘട്ടത്തിലെ സ്റ്റേഷനുകൾ ഏതൊക്കെയാണെന്നും ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly